

Gurudarshanam

VOL XXVI ISSUE 9 November 2015



പരിത്യാഗവും ആത്മസുഖവും

എം.കെ. ഹരികുമാർ

ശ്രീനാരായണഗുരുവിന്റെ സന്യാസത്തെ ദീപ്തമാക്കുന്നത് അതിലെ സർവ്വസംഗ പരിത്യാഗത്തിന്റെ ഉന്നതമായ ഒരാശയമാണ്. നാം സാധാരണ കരുതുന്നുതു പോലെയുള്ള നിർവ്വികാരതയുടെ, നിർഗ്ഗുണാവസ്ഥയുടെ ഒരു തലമല്ല അതിലുള്ളത്. ഒന്നിനോടും ഗുരുവിന് വ്യക്തിപരമായ താല്പര്യമില്ല. എന്നാൽ നിർവ്യക്തീകരിക്കപ്പെട്ട ചിന്തകളും അടിയിൽ പതിതരോട്; ജീവികളോട്, വ്യക്തിയോട് അനന്തമായി നീണ്ടു ചെല്ലുന്ന ശ്രദ്ധയും ദയയും കാണാം. സ്വന്തം മോക്ഷത്തിന്റെയോ ധ്യാനത്തിന്റെയോ ആവശ്യങ്ങളെത്തന്നെ ഗുരു നിർവ്യക്തീകരിച്ചത് ഈ സത്വര ശ്രദ്ധയിലൂടെയാണ്. ഏറ്റവും താഴ്ന്ന ജാതിയിൽ പെട്ട കുട്ടികളെ പ്രമുഖ വ്യക്തികൾക്ക് കൊടുക്കാൻ ആഹാരം പാകം ചെയ്യുന്നിടത്തേക്ക് നിയോഗിക്കുമ്പോൾ ഗുരുവിന്റെ ഈ അപര സ്നേഹം പുഷ്യകാന്തിയോടെ പരിലസിക്കുകയാണ്.

ആത്മാവിന്റെ പൂത്തുലഞ്ഞ വൃക്ഷമാണത്. അതിനു താഴെ എല്ലാവർക്കും ഇടമുണ്ട് എന്നതാണ് യാഥാർത്ഥ്യം. ആർക്കും അവിടേക്ക് ചെല്ലാം. എല്ലാവരുടേയും ശബ്ദങ്ങൾ കേൾക്കാൻ കഴിയുന്ന പ്രാപഞ്ചികമായ കാതുകൾ ഗുരുവിനുണ്ടായിരുന്നു.

അവനവന്റെ ആത്മസുഖമാണല്ലോ സാധാരണക്കാരെ ജീവിപ്പിക്കുന്നത്. ഗുരുവാകട്ടെ ആ ആത്മസുഖം അന്യർക്ക് പ്രയോജനം ചെയ്യുന്നതല്ലെങ്കിൽ നിഷ്പ്രയോജനമാണെന്ന് വിവരിക്കുന്നു. സ്വന്തം സുഖവും അവരന്റെ സുഖവും ചേർന്നു വരണം. അതൊരു മായികമായ സന്ധിയാണ്. അതിലെത്താൻ കഠിനപ്രയത്നം ആവശ്യമാണ്. അവിടെ മറ്റൊന്നുകൂടിയുണ്ട്. അധിക സുഖം കിട്ടണമെങ്കിൽ അപരന്റെ സുഖം കൂടി നോക്കണ്ടി വരും. ചിലപ്പോൾ അധിക സുഖം അപര്യാപ്തമാകകും. കാരണം, അന്യരെ എങ്ങനെ സുഖിപ്പിക്കാം? അവിടെ മറ്റൊരു ആശയം കടന്നു വരുകയാണ്. അധിക സുഖം വേണ്ടെന്ന് വച്ചാലും വേണ്ടില്ല, അന്യന്റെ സുഖത്തിനാണ് പ്രാമുഖ്യമെന്ന് ഗുരു ലോകത്ത് ചെയ്ത യാത്രകളെല്ലാം ഈ രീതിയിൽ സ്വന്തം സുഖമാണെന്ന് വെച്ചതിന്റെ ദൃഷ്ടാന്തമായിക്കാണാം.

Official News Letter of the
Sree Narayana Association Of North America
Editorial Committee
Gopinatha Panicker, Prasannan Gangadharan, Suresh Babu Chirakuzhi
Sajeev Chennattu, Biju P Gopal, Sunil Kumar Krishnan
Youth Forum
Arun Sivan, Abhilash Jayachandran

വിദ്യ കൊണ്ട് പ്രബുദ്ധരാകുവിൻ .സംഘടന കൊണ്ട് ശക്തരാകുവിൻ

Web: www.snaofna.org

Sree Narayana Association of North America, 417 Hempstead avenue, West Hempstead, New York, 11552, USA

കുടുംബശ്രീ – (സ്ത്രീ)

വാസുദേവ് പുളിക്കൽ

കുടുംബം എന്ന സ്ഥാപനത്തിലെ ഐശ്വര്യമൂർത്തി സ്ത്രീയാണ്. സ്ത്രീകൾക്ക് സമൂഹം ചില പെരുമാറ്റച്ചട്ടങ്ങളും നിയന്ത്രണങ്ങളും കൽപിച്ചിട്ടുണ്ടെങ്കിലും ആ പരിധികൾക്കുള്ളിൽ നിന്നു കൊണ്ട് സ്ത്രീ മകളായും, മരുമകളായും അമ്മയായും തന്റെ കർത്തവ്യം നിർവ്വഹിച്ച് സ്ത്രീത്വത്തിന്റെ മഹത്വം തെളിയിക്കുകയും കുടുംബഭദ്രത ഉറപ്പു വരുത്തുകയും ചെയ്യുന്നു. കുടുംബം ഒരു ക്ഷേത്രം എന്നാണല്ലോ സങ്കൽപം. ഈ സങ്കൽപം അന്വർത്ഥമാകുന്നത് സ്ത്രീ കുടുംബമാക്കുന്ന ശ്രീകോവിലിലെ ദേവതയായി ആരാധിക്കപ്പെടുമ്പാഴാണ്. ക്ഷേത്രത്തിലും പരിസരത്തും കാണുന്ന പരിശുദ്ധിയും ശാന്തതയും ശോഭ നേടുന്നത് ജനങ്ങൾ ക്ഷേത്രത്തിലെ ആരാധനമൂർത്തിയിൽ ചൊരിയുന്ന ഭക്തിയുടെ കിരണങ്ങളുടെ പ്രസരത്തിൽ നിന്നാണ്. കുടുംബം എന്ന ക്ഷേത്രത്തിലേക്കു വരുമ്പോൾ അവിടെ ദേവതയായി പരിലസിക്കുന്നത് സ്ത്രീയാണ്. കുടംബത്തിന്റെ പരിശുദ്ധിക്കും പാവനതക്കും മാറ്റുകൂട്ടുന്നത് കുടുംബാംഗങ്ങൾ സ്ത്രീയോട് കാണിക്കുന്ന ആദരവും ഭക്തിയുമാണ്. എവിടെ നാരികള് പൂജിക്കപ്പെടുന്നുവോ അവിടെ ദേവതകൾ നിവസിക്കുന്നു എന്ന പവിത്ര സങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ കുടുംബക്ഷേത്രത്തിലെ ദേവത സ്ത്രീ തന്നെ എന്നതിന് സ്ഥിരീകരണം ലഭിക്കുന്നു. ആ ദേവതകൾ ആരാധിക്കപ്പെടുന്നേടത്ത് ഐശ്വര്യം വിളയാടുന്നു. സ്ത്രീ കുടുംബശ്രീ ആയിത്തീരുന്നു.

മനുഷ്യന്റെ പുരോഗതി സാംസ്കാരികവും സാമൂഹ്യവുമായ പരിവർത്തനത്തെ ആശ്രയിച്ചാണിരിക്കുന്നത്. ആരോഗ്യപരമായ സാമൂഹ്യ പരിവർത്തനത്തിന് മാനുഷിക മൂല്യങ്ങളുടെ ഉയർത്തെഴുന്നേൽപ്പ് ആവശ്യമാണ്. സമൂഹത്തിന്റെ സ്പന്ദനങ്ങൾ മനസ്സിലാക്കി സാമൂഹ്യരംഗത്തും രാഷ്ട്രീയരംഗത്തും പ്രവർത്തിച്ച് സമൂഹത്തിലെ ക്രമക്കേടുകൾക്ക് നിവാരണമുണ്ടാക്കി ഒരു സംതൃപ്ത സമൂഹം സൃഷ്ടിക്കാൻ പുരുഷന്മാരോടൊപ്പം തന്നെ ആത്മബലത്തോടെ രംഗത്തിറങ്ങിയിട്ടുള്ള സ്ത്രീകൾ ധാരാളമുണ്ട്. എങ്കിലും ഭർത്താവിന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് വഴങ്ങിയും കുട്ടികളെ സംരക്ഷിച്ചും മറ്റു കുടുംബങ്ങളുടെ വിഭിന്നമായ അഭിരുചികളെ അവഗണിക്കാതേയും സൗമ്യമായ മനോഭാവത്തോടെ ജീവിക്കുന്നതാണ് സ്ത്രീസഹജമായ വികാരത്തിന്റെ പൂർത്തീകരണം എന്ന് വിശ്വസിച്ച് കുടുംബം പ്രവർത്തനരംഗമാക്കുന്നവരാണ് കുടുതൽ സ്ത്രീകളും. മാതൃകാപരമായ പ്രൗഢമായ കുടുംബജീവിതമാണ് അവരുടെ വ്യക്തിത്വത്തെ പൂർണ്ണമാക്കുന്നത്. എന്നാൽ ശാന്തവും സരുഭിലവുമായ കുടുംബജീവിതം ആഗ്രഹിച്ച സ്ത്രീ കുടുംബജീവിതത്തിലെ സംഘർഷങ്ങളിൽ പെട്ട് കണ്ണുനീരൊഴുക്കിയിട്ടുണ്ട്. പുരുഷന്മാരാൽ അവഗണിക്കപ്പെട്ടതു മൂലം കുടുംബശ്രീ ആയി വിരാജിക്കേണ്ട സ്ത്രീ കണ്ണീർകയങ്ങളിൽ മുങ്ങിത്താണതിന്റെ ഉദാഹരണം ഏറെയുണ്ട്. യശോധരയെ ഉപേക്ഷിച്ചു പോയ ബുദ്ധൻ, അഹല്യയെ ശപിച്ച ഗൗതമ മുനി, ഗർഭിണിയായ സീതയെ കാട്ടിലെറിഞ്ഞ രാജാവ് രാമൻ, ചൂതുകളിയിൽ ഭാര്യയെ പണയം വച്ച രാജാവ് ധർമ്മപുത്രൻ എന്നിങ്ങനെ നീണ്ടു പോകുന്നു ആ പട്ടിക.

നമ്മുടെ നാട് (കേരളം) ഇന്ന് സ്ത്രീപീഡനത്തിന്റെ കളരിയായിത്തീർന്നിരിക്കുന്നു. മലയാളത്തിന്റെ മനോഹാരിതയും സാംസ്കാരിക മേന്മയുമോർത്ത് നമ്മൾ അഭിമാനം കൊണ്ടിരുന്നു. ഇന്ന് മലയാളത്തിന്റെ മാനക്കേടോർത്ത് നമ്മൾ തല കുനിക്കേണ്ടി വരുന്നു. ഇൻഡ്യയിൽ ഒട്ടാകെ ഉള്ള സ്ഥിതിയും ഒന്നും വ്യത്യസ്തമല്ല. ഭാരതീയർ സഹോദരി സഹോദരന്മാരാണ് എന്ന ചൊല്ലിന് ഒരു തിരുത്തൽ വേണ്ടി വരും. ഈ മാനക്കേടിനു കാരണം സ്ത്രീകള് വേണ്ട രീതിയിൽ ആദരിക്കപ്പെടുന്നില്ല എന്നതാണ്. സ്ത്രീകളെ അവർ അർഹിക്കുന്ന സ്ഥാനം നൽകി ആദരിക്കണം ഹൃദയപുഷ്പങ്ങൾ കൊണ്ട് അർച്ചന നടത്തി അവരെ പൂജിക്കണം. കുടുംബശ്രീ ആയിത്തന്നെ അവർ പരിലസിക്കട്ടെ.

ഇന്ന് സ്ത്രീകളെ നിഷ്ഠുരമായി ബലാത്സംഗം ചെയ്യുന്നതും പല തരത്തിൽ പീഡിപ്പിക്കുന്നതും ചില പുരുഷൻമാർക്ക് മൃഗീയവിനോദമായിത്തീർന്നിരിക്കുകയാണ്. ഈ ലേഖനത്തിൽ സൂചിപ്പിച്ചിരിക്കുന്ന മഹാപുരുഷന്മാരെല്ലാവരും തന്നെ ബലാത്സംഗക്കാരെ പോലെ സ്ത്രീകളോട് അധർമ്മവും അനീതിയും ചെയ്തവരാണെന്നാണെന്റെ പക്ഷം. ബലാത്സംഗം ചെയ്യപ്പെടുമ്പോൾ സ്ത്രീകൾക്ക് സമൂഹത്തിൽ അവരുടെ മാനവും സ്ഥാനവും നഷ്ടപ്പെടുകയും അവർ പ്രതികരിക്കാനാവാതെ അപമാനവും ദുഷ്ക്കീർത്തിയും സഹിച്ച് ജീവിതാന്ത്യം വരെ കഴിയേണ്ടി വരുകയും ചെയ്യുന്നു. പുരുഷൻ സ്ത്രീയെ ഉപേക്ഷിക്കുകയും അവഗണിക്കുകയും ചെയ്യുമ്പോഴും അവൾ അനുഭവിക്കുന്നത് ഇതേ മാനഹാനി തന്നെയാണ്. ആദ്യത്തെ വിഭാഗം സ്ത്രീകളെ ശാരീരികമായി പീഡിപ്പിക്കുമ്പോൾ രണ്ടാമത്തെ കൂട്ടർ അവരുടെ വികാരങ്ങളെ ചവിട്ടി മെതിച്ച് കടന്നു പോകുന്നു. മാനസിക ഭാവങ്ങൾക്ക് മുറിവേൽക്കുമ്പോൾ അവരുടെ ജീവിത വീക്ഷണം തന്നെ താറുമാറായിപ്പോകുന്നു. ബലാത്സംഗത്തിന് ഇരയാകുന്ന, കുടുംബജീവിതം ആരംഭിച്ചിട്ടില്ലാത്ത പെൺകുട്ടികളെ മറ്റു പുരുഷന്മാർ താലിച്ചരടിലൂടെ ജീവിതത്തിലേക്ക് ക്ഷണിക്കാൻ വിസമ്മതിക്കുമ്പോൾ അവർ പുരുഷന്റെ ലൈംഗിക പീഢനത്തിന് ഇരയായതിന്റെ തിക്തഫലം ജീവിതം മുവുവൻ അനുഭവിക്കുന്നു.

കുടുംബത്തിലെ ദേവതകളായി പൂജിക്കപ്പെടേണ്ട സ്ത്രീകളെ കശ്മലന്മാർ കശക്കിയെറിയാൻ തക്കം പാർത്തിരിക്കുമ്പോൾ സ്ത്രീകൾ സ്വരക്ഷക്കു വേണ്ടി ആത്മബലവും ശാരീരികശക്തിയും ആർജ്ജിച്ച് അഭ്യാസവും പഠിച്ച് ഉണ്ണിയാർച്ചമാരായി പൊരുതി ജയിക്കേണ്ട സഹചര്യം സംജാതമായത് മൊത്തം പുരുഷവർഗ്ഗത്തെ ലജ്ജിപ്പിക്കുന്ന മനുഷ്യാധമന്മാരുടെ സംസ്കാരാധഃപതനം മൂലമാണ്. പുരുഷമേധാവിത്വത്തിൽ നിന്നുണ്ടാകുന്ന ഈ സാമൂഹിക അസമത്വത്തെ അംഗീകരിക്കാനാവില്ല. കാടത്വത്തിൽ നിന്ന് ഉയർത്തെഴുന്നേറ്റ് അവർ സംസ്കാരം എന്തെന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതിന് ശ്രീനാരായണസംസ്കാരത്തിന്റെ ശക്തിമത്തായ പ്രചാരണം ഇന്ന് അനിവാര്യമായിരിക്കുകയാണ്. മനുഷ്യരെ സംസ്കാരസമ്പന്നരാക്കാനുള്ള ദർശനമാണ് ഗുരുവിനുള്ളത്. മനുഷ്യൻ നന്നാകേണ്ടതിന്റെ ആവശ്യകതയാണ് ഗുരു ചൂണ്ടിക്കാണിക്കുന്നത്. മനുഷ്യൻ നന്നാവുന്നതോടെ അവൻ ജീവിതാദർശങ്ങൾ മനസ്സിലാക്കുകയും അവന് സാംസ്കാരിക ഉന്നതിയുണ്ടാവുകയും ചെയ്യും. മനുഷ്യരിൽ മാനിഷിക മൂല്യങ്ങൾക്ക് സ്ഥാനം ലഭിക്കുമ്പോൾ അവർ ആദർശമുള്ളവരാകും. ശ്രീനാരായണസംസ്കാരത്തിലൂടെയുള്ള തീർത്ഥയാത്ര അവരെ തിന്മയിൽ നിന്ന് നന്മയിലേക്ക് നയിക്കും. സ്ത്രീപീഢനക്കാർ അവരുടെ ദുഷ്ക്കർമ്മങ്ങളിൽ നിന്ന് പിന്തിരിയുകയും സ്ത്രീകളെ ദേവതമാരായി പൂജിക്കുകയും കുടുംബശ്രീകളായി അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യും. സ്ത്രീകൾക്ക് അവർ അർഹിക്കുന്ന സ്ഥാനം ലഭിക്കും.

നാരായണഗുരു ഉദ്ഗാനം ചെയ്ത മാനവപരിണാമത്തിന്റെ പൂർത്തീകരണം ഉണ്ടാകുമെന്ന് നമുക്ക് വിശ്വസിക്കാം. നാരായണഗുരു വിഭാവന ചെയ്ത നല്ല മനുഷ്യൻ ഉണ്ടായില്ലെങ്കിൽ അത് നമ്മുടെ സംസ്കാരത്തിന്റെ പരാജയമാണ്. പരാജിതരാകാൻ ആരാണ് ആഗ്രഹിക്കുന്നത്.

****

GURU-DEVOTEE RELATIONSHIP

By Babitha Haridas

We are different and unique in our way. We look different, some have dark complexion, and some other have fair complexion. We talk differently too, some of us talk in 'ghetto' accent whereas other converse in a more dignified manner. All of us have different beliefs, however, we are all united despite the diversity in the world. How is that? I myself have been considering the question for quite a while, and I came to a conclusion. Perhaps the one thing that unites is our search for happiness. Yet here too, we differ. Some of us retreat to meditation, whereas others try to define happiness through this definition and attain it. Others who indulge themselves in laborious work, hoping to forget about the sorrows and worries life has to offer. All these measures to yield a certain degree of happiness. However, this type of happiness does not quench our thirst for bliss and peace of mind.

During the course of my search, I encountered a book, which said that once in hundred years there arrives a soul whose features let the seekers instinctively arise from their varied occupations, greet him, and see in him his ways a clear commentary, a silent interpretation, a radiant center of all happiness that they were seeking. Literature, art and the sciences grow around this person. Narayana Guru was such a soul.

Perhaps Narayana Guru's most famous saying is, 'One in kind, one in faith, and one God for man'. Most of us associate Sree Narayana Guru with this saying; however, I would like to explore the guru-devotee relationship.

When we talk about Sree Narayana Guru, we always salute him by using the tile 'guru' after his name. Has anyone really considered the reason behind doing so? I myself have not thought about this until recently. Let us establish the fact that 'guru' in short means teacher. Sree Narayana Guru left the material comfort of the word and went to the forests, caves and hills performing Tapas (meditation and self-discipline) in the search of truth. Years later, having solved a great riddle of life he emerged from seclusion, wanting to share this newfound secret with rest of the world. Thence without any ounce of hesitation, he called himself Guru. It is quite stupefying to see how he was penniless himself yet he was able to extend his knowledge and influence rich, poor and uneducated people. Narayana Guru's followers lie in such a great degree of diversity.

When we look at Sree Narayana Guru's photo, we can usually sense the silence and calmness. Silence is the normal state of Guru Hood. Once I was talking to a swami, I asked him a question. For argument sake, let me just say it, What is the essence of 'OM'? This question had been in my mind for quite a long time, so I was sitting there expectantly awaiting his response, but heard nothing. Then he started to ask a series of questions that appeared incredibly out of topic. I knew the answers to the questions he asked me. Then at the end of our conversation, I came to realization. Ever before I had asked the Swami my question, I knew the answer vaguely. With all those seeming irrelevant questions, he said that he was trying to awaken my mind the realization that I knew the answer to the question.

Similarly, the silence with which Narayana Guru meets one's questions is indication of honor. With his silence, Guru shows the questioner that he already knows the answer. It is just a matter of opening the mind to take realization. Thus, Narayana Guru leads the disciple from the pinnacle of one Everest to another of positive understanding. Through this mutual understanding, Guru and disciple become one.

Gurudeva Samadhi September 21, 2015.

Upcoming Events

Satsang and Discourses by
Swamiji Sandeepananda Giri
November 7th 2015 Saturday 2:00pm
Shri Saneeswara Temple - New York
95 - 30 225th Street
Queens Village, NY 11429

Women's & Children's day is scheduled on **November 14th Saturday 6:00pm**
at **Santoor Indian Restaurant**

Please contact
Mrs. Bindu Valath (516) - 557 - 5565
to participate in the cultural program

Sree Narayana Association of North America,
417 Hempstead Avenue,
West Hempstead, New York, 11552, USA

To,